LIBRARY ARCHIVES Kerala Legislative Assembly

ജി.എസ്.ടി. റിട്ടേണുകൾ

73(5232) ശ്രീ. പി. കെ. ബഷീർ:

ശ്രീ. എൻ. എ. നെല്ലിക്കുന്ന്:

ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്തെ ലോക്ഡൗൺമൂലം വ്യാപാര, വ്യവസായ സ്ഥാപനങ്ങൾ അടഞ്ഞുകിടന്നതിനാൽ ജി.എസ്.ടി. റിട്ടേണുകൾ സമർപ്പിക്കുന്നതിനുള്ള തീയതി നീട്ടി നൽകിയെങ്കിലും ഫ്ലഡ് സെസ്സിന്മേൽ പതിനെട്ട് ശതമാനം പിഴ ഈടാക്കിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിലവിൽ പ്രളയ സെസ്സിന്മേൽ പതിനെട്ട് ശതമാനം പിഴ ഈടാക്കുന്നില്ല. പ്രളയ സെസ്സ് റിട്ടേൺ ഫയൽ ചെയ്യേണ്ട കാലാവധിക്കുശേഷം ഫയൽ ചെയ്യുന്ന റിട്ടേണുകളിൽ പ്രളയ സെസ്സിന്മേൽ 18% പലിശ ബാധകമാണ്. കാലാവധിക്കുശേഷം ഫയൽ ചെയ്യുന്ന പ്രളയ സെസ്സ് റിട്ടേണുകളിൽ പ്രളയ സെസ്സിന്മേൽ പലിശ ഒഴിവാക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ലഭിച്ച അപേക്ഷകളിൽ ഉചിതമായ തീരുമാനമെടുക്കുന്നതിനായി സംസ്ഥാന ചരക്കുസേവന നികുതി കമ്മീഷണർ സമർപ്പിച്ച ശിപാർശ സർക്കാരിന്റെ പരിശോധനയിലാണ്.

(ബി) ഇത് നിർത്തിവയ്ക്കണമെന്ന ആവശ്യത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

നിലവിൽ പ്രളയ സെസ്സിന്മേൽ പതിനെട്ട് ശതമാനം പിഴ ഈടാക്കുന്നില്ല. പ്രളയ സെസ്സ് റിട്ടേൺ ഫയൽ ചെയ്യേണ്ട കാലാവധിക്കുശേഷം ഫയൽ ചെയ്യുന്ന റിട്ടേണുകളിൽ പ്രളയ സെസ്സിന്മേൽ 18% പലിശ ബാധകമാണ്. കാലാവധിക്കുശേഷം ഫയൽ ചെയ്യുന്ന പ്രളയ സെസ്സ് റിട്ടേണുകളിൽ പ്രളയ സെസ്സിന്മേൽ പലിശ ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ലഭിച്ച അപേക്ഷകളിൽ ഉചിതമായ തീരുമാനമെടുക്കുന്നതിനായി സംസ്ഥാന ചരക്കുസേവന നികുതി കമ്മീഷണർ സമർപ്പിച്ച ശിപാർശ സർക്കാരിന്റെ പരിശോധനയിലാണ്.

(സി) പ്രസ്തുത തുക തിരിച്ച് നൽകുന്നതിനോ ഭാവിയിലുള്ള ജി.എസ്.ടി.- യിൽ വകയിരുത്തുന്നതിനോ ആവശ്യമായ നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

കേരള പ്രളയ സെസ്സ് ചട്ടം, 2019 പ്രകാരം കേരള പ്രളയ സെസ്സ് റിട്ടേൺ പ്രകാരം ഒടുക്കിയ പ്രളയ സെസ്സിന് റീഫണ്ട് അനുവദിക്കുന്നതല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ചരക്കുസേവന നികുതി നിയമത്തിൽ ഏതെങ്കിലും തരത്തിലുള്ള ഭേദഗതി വരുത്തണമെങ്കിൽ ചരക്കുസേവന നികുതി കൗൺസിലിന്റെ ശിപാർശ ആവശ്യമായതിനാൽ ടി തുക ചരക്കുസേവന നികുതിയിൽ വകയിരുത്തുന്നതിന് സംസ്ഥാന സർക്കാരിനു മാത്രമായി തീരുമാനം കൈക്കൊള്ളുവാൻ കഴിയുകയില്ല.

(ഡി) കോവിഡ് മൂലം പ്രതിസന്ധിയിലായ വ്യാപാരികളെ സഹായിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

വിവരം ശേഖരിച്ചുവരുന്നു.

വാമനപുരം മണ്ഡലത്തിൽ ട്രഷറി ആരംഭിക്കാൻ നടപടി

74(5233) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വാമനപുരം നിയോജകമണ്ഡല പരിധിയിൽ ട്രഷറി ഇല്ലായെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ മണ്ഡലത്തിൽ ഒരു പുതിയ ട്രഷറി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഇക്കാര്യം നിലവിൽ പരിഗണനയിലില്ല.

സബ് ട്രഷറി തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ

75(5234) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സബ് ട്രഷറികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ 201 സബ് ട്രഷറികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) പുതിയ സബ് ട്രഷറി തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?